നമ്മെക്കാൾ എല്ലാവിധത്തിലും ബലവാനായ അവന്റെ ആക്രമണത്തിൽ നിന്നും സ്വയം രക്ഷപ്പെടുവാൻ ബലഹീനരായ നമുക്ക് കഴിയുകയില്ല. അതിന് സാത്താനെക്കാൾ ബലവാനായ, സാത്താനെ പരാജയപ്പെടുത്താൻ കഴിവുള്ള അഥവാ പരാജയപ്പെടുത്തിയ ഒരുവന്റെ സഹായം നമുക്ക് ആവശ്യമാണ്. നമ്മുടെ ബലഹീനതയും സാത്താന്റെ ബലവും അവന്റെ ലക്ഷ്യവുമെല്ലാം കർത്താവ് നന്നായറിയുന്നു, അതുകൊണ്ടാണ് തന്നെയാണ്, അവൻ എപ്പോഴും നമ്മൊടുകൂടെയിരിക്കാം എന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. സാത്താനെ ജയിച്ച യേശു നമ്മൊടുകൂടെയുള്ളതിനാൽ സാത്താനെ ഭയപ്പെടേണ്ട ആവശ്യം നമുക്കില്ല. നമ്മുടെ സംരക്ഷണം നമ്മുടെ ഇടയനായ യേശു ഏറ്റെടുത്തിരിക്കുന്നു. ആ യേശുവിനെ അനുഗമിക്കുക, പിൻപററുക എന്നതു മാത്രമാണ്.

ദാവീദ് പറഞ്ഞു, 'കർത്താവേ, നീ എന്നോടുകൂടെയുള്ളതിനാൽ ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല.' ഇതു പറയുമ്പോൾ പച്ചയായ പുൽപുറങ്ങളിൽ ആടുകൾ മേയുകയും കിടക്കുകയും ചെയ്യുമ്പോൾ അവയെ പിടിക്കുവാനും കടിച്ചുകീറുവാനും തയ്യാറായി ദുഷ്ടമൃഗങ്ങൾ അതിനുചുററും പതിങ്ങിയിരിക്കുകയായിരിക്കാം. ആ ദുഷ്ടമൃഗത്തോട് എതിരിട്ടു ജയിക്കുവാൻ ഈ ആടുകൾക്ക് ഒരിക്കലും സാദ്ധ്യമല്ല. ഈ വസ്തുതകൾ അറിയാവുന്ന മറെറാരാൾ കൂടെയവിടെയുണ്ട്. അത് ആടുകളുടെ ഇടയനാണ്. ആ ഇടയൻ അവിടെ നിന്നു മാറാതെ ആടുകളോടൊപ്പം നിലകൊള്ളുന്നു. അപ്രകാരം ഒരു ഇടയൻ അവിടെയുണ്ടെന്നുള്ള വസ്തുത ആടുകൾക്കറിയാം. അതുകൊണ്ടാണ്, ശത്രുവിനെപ്പററിയുള്ള യാതൊരു ഭയവും കൂടാതെ അവിടെനിന്നു മേയുന്നത്. ബലവാനായ ഒരു ഇടയൻ അവയോടുകൂടെ ഉണ്ടെന്നും തങ്ങൾ കുനിഞ്ഞു നിന്നു പുല്ലു തിന്നുമ്പോൾ ആ ഇടയൻ തല നിവർത്തി പിടിച്ചുകൊണ്ടു നിൽക്കുകയാണെന്നും അവയ്ക്കറിയാം. തങ്ങളുടെ ഇടയൻ ഉറങ്ങാതെയും മയങ്ങാതെയും തങ്ങളോടുകൂടെയുണ്ടെന്ന ബോദ്ധ്യം തന്നെയാണ് അവയെ ധൈര്യപ്പെടുത്തി നിർത്തുന്നത്.

തുടരും....